റാവുസാഹിബ്ബ് കെ. അയ്യപ്പൻ : ഇവിടെ അതിന്നുവേണ്ട ജല സൌകര്യമില്ല.

മിസ്റ്റർ പി. മാണി : ഈ സാധനം പരിഷ്കൃത രാജ്യങ്ങളിൽ വളരെ നല്ലവണ്ണമായി ഉപയോഗപ്പെടുത്തുന്നുണ്ടെന്നു അറിയാമൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : അറിയാം. ഇവിടെ ലാലൂരിൽതന്നെ വളമായെടുക്കുന്നുണ്ട്.

മിസ്റ്റർ പി. മാണി : വളരെ വിശേഷപ്പെട്ട വളം ഒക്കാവുന്ന ഈ സാധനം ഈ രീതിൽ നഷ്ടപ്പെടുത്തി കളയുകയാണെന്നു് ഗവണ്മെണ്ടിന്നു് ബോദ്ധ്യപ്പെട്ടിട്ടുണ്ടൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : അതു വളമാകുന്നതിന്നു മുമ്പു് ഉണ്ടാകുന്ന ഉപദ്രവം തിക്കുന്നതിന്നുള്ള ഒരു പദ്ധതിയിലാണു് ഗവണ്മെണ്ടിന്റെ ശ്രദ്ധ ഇപ്പോൾ പതിഞ്ഞിരിക്കുന്നതു്.

ചൌധരി ജി. എസ്സ്. ധാരാസിംഗ് : ഇത്ര വിശേഷപ്പെട്ട സാധനം നഷ്ടമാക്കിക്കളയാതിരിക്കാൻ ആവശ്യപ്പെട്ടുംകൊണ്ടു ബഹുമാനപ്പെട്ട കണയന്നൂർ മെമ്പർ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലേക്കു് ഇതു്കൊണ്ടുപോവാൻ ക്ഷണിക്കുകയുണ്ടായിട്ടുണ്ടൊ? (ചിരി)

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലേക്കു് കൊണ്ടുപോകാൻ വിരോധമില്ലെന്നു് എന്നോടുപറഞ്ഞു. നാളുകൂടെ ഒപ്പിട്ട ഒരു ഹർജിയുംകൊണ്ടുവന്നാൽ വേണ്ടില്ല എന്നു് ഞാനും പറഞ്ഞു. പക്ഷെ അതിന്നു് മുനിസിപ്പാലിറ്റിക്കു് വളരെ ചിലവുവരും.

മിസ്റ്റർ പി. മാണി : ഇതിനെ നല്ല വളമാക്കിത്തീർക്കുവാൻ വേണ്ട ജ്ഞാനം സമ്പാദിക്കുന്നതിന്നു വേണ്ടി വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇതു്വളമാക്കിയാൽ നല്ലതാണെന്നു് ഗവണ്മെണ്ടിന്നും മറ്റെല്ലാവർക്കും അറിയാം. തൽക്കാലം ഇതു് ഇവിടെ നിന്നും കൊണ്ടുപോകുന്നതിന്നുള്ള വിഷമമാണു് നേരിട്ടിരിക്കുന്നതു്. അതിന്നുള്ള പരിഹാരമാണു് ആദ്യമായി കാണേണ്ടതു്.

## GOVERNMENT SERVANTS—ADMISSION TO WAR SERVICE—REQUEST FOR—PARTICULARS REGARDING

148. മിസ്റ്റർ പി. നാരായണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) യുദ്ധം നടന്നുകൊണ്ടിരിക്കുന്ന കാലത്തു് ഇവിടത്തെ സർവ്വീസിലുള്ളവരിൽ എത്രപേർ തങ്ങളെ യുദ്ധസേവനത്തിന്നു് അയക്കുവാൻ ഗവണ്മെണ്ടിനോടു് അപേക്ഷിച്ചിട്ടുണ്ടു്;

(ബി) ഈ അപേക്ഷകളെല്ലാം ഗവണ്മെണ്ടു് അംഗീകരിച്ചുവൊ ;

(സി) അല്ലെങ്കിൽ എന്തുകൊണ്ടു ?

റാവുസാഹിബ്ബ് എ. മാധവപ്രഭു :

(എ) ഇങ്ങിനെയുള്ള അപേക്ഷകളുടെ എണ്ണം കാണിക്കുന്ന ഒരു പട്ടിക ഗവണ്മെണ്ടു വെച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ചിലരുടെ സർവ്വീസ് ഗവണ്മെണ്ടിന്നു് അത്യന്താപേക്ഷിതമായി തോന്നിയതുകൊണ്ടു് അവരുടെ അപേക്ഷകൾ അംഗീകരിക്കയുണ്ടായില്ല.

മിസ്റ്റർ പി. നാരായണമേനോൻ: പട്ടികവെച്ചിട്ടില്ലെങ്കിലും അപേക്ഷിച്ചിരുന്നവരെയെല്ലാം അയച്ചിട്ടില്ല എന്നല്ലെ വിചാരിക്കേണ്ടതു്?

റാവുസാഹിബ്ബ് എ. മാധവപ്രഭു: അങ്ങിനെയുമുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ഇവിടത്തെ സർവ്വീസിലുണ്ടായിരുന്ന ആളുകൾ അപേക്ഷിച്ചിട്ടും അവരെ അയച്ചിട്ടില്ലെങ്കിലും അവർ രാജ്യരക്ഷക്കുവേണ്ടി യുദ്ധത്തിൽ ചേരാൻ തയ്യാറുള്ളവരായിരുന്നു എന്നു് വ്യക്തമല്ലെ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: അതു് വ്യക്തമാണു്.

മിസ്റ്റർ പി. നാരായണമേനോൻ: അങ്ങിനെ യുദ്ധത്തിൽ ചേരാൻ സാധിക്കാത്തതു് അവരുടെ കുറ്റമല്ലാത്തസ്ഥിതിക്കു് യഥാർത്ഥത്തിൽ യുദ്ധസേവനത്തിനു് പോയിട്ടുള്ളവർക്കു് ചെയ്തുകൊടുക്കുന്ന ആനുകൂല്യങ്ങൾ ഇവർക്കും ചെയ്തുകൊടുക്കേണ്ടതല്ലെ?



LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഇവിടത്തെ സർവീസിൽ ഉള്ളവക്കു് കഴിയുന്ന ആനുകൂല്യങ്ങളെല്ലാം ചെയ്തു കൊടുക്കുവാൻ ഗവണ്മെണ്ടിനു് ചുമതലയുണ്ടു്. Consistent with that, whatever could be allowed was allowed.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ആവശ്യപ്പെട്ടിരുന്നവരെ പറഞ്ഞയക്കാതിരുന്നതു് ഗവണ്മെണ്ടാണു്. അവരെ അയച്ചിരുന്നുവെങ്കിൽ അവരും war return men ആയിരുന്നേനെ. അപ്പോൾ അവരും ഈ ആനുകൂല്യങ്ങൾക്കു് അർഹരല്ലെ? അതുകൊണ്ടു് ദയവായി ഈ കാര്യമൊന്നു് ആലോചിക്കാമെന്നു് പറയാമൊ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: യുദ്ധത്തിൽ പോയിവന്നവക്കു് ചില ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തിരുന്നു എന്നുവെച്ചു് അതെല്ലാവക്കും കൊടുക്കണമെന്നുപറഞ്ഞാൽ സാധ്യമാകുമെന്നതോന്നുന്നില്ല. അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: എന്റെ ചോദ്യത്തിനുള്ള മറുപടിയായില്ല. I want an answer, Sir.

**Rao Sahib A. Madhava Prabhu** *(Chief Secretary to Government)*: What is the question. I didn't understand.

**Mr. P. Kumaran Ezhuthassan** *(Vadakkancheri)*: My question is this; it has been answered by the Chief Secretary that certain persons in the service who wanted to go for war service were not allowed to do so. My question, Sir, therefore, is that such of them as had applied but had been refused by the Government, should they also not be considered as eligible to get the privileges, whatever they be, that war-returned men, ex-service men, who had gone out for war and who have now returned get? Will not the Government consider the question?

**Rao Sahib A. Madhava Prabhu** *(Chief Secretary to Government)*: Yes, alright, we will consider.

### RADHA-LAKSHMI VILASAM SCHOOL AT TRIPPUNITTURA—TAKING CHARGE OF

**149. Mr. P. K. Dewer** *(Nominated)*: Will Government be pleased to state.—

(*a*) when was the Radha-Lakshmi Vilasam School, Trippunittura taken over by the Government;

(*b*) what amount of money was paid by Government to the Manager of that school, when the Government took over charge of the school;

(*c*) at whose instance did the Government take over the management of the school;

(*d*) how many students were there last year in the Fine Art Section of the school; what is the number this academic year?

**Mr. P. Govinda Menon** *(Minister for Food and Educaion)*:

(*a*) On 9th Chingam 1119.

(*b*) Rs. 15,632—8—0+Rs. 723—11—9 (Value of equipments).

(*c*) The Management was assumed on the recommendation of the Education Advisory Committee.

(*d*) 1121—177.
1122—175.

**Mr. P. K. Dewer** *(Nominated)*: May I know, what the recurring charges on the Government for this institution is?

**Mr. P. Govinda Menon** *(Minister for Food and Education)*: I want notice.

**Mr. P. K. Dewer** *(Nominated)*: May I know whether a reference was made to the Educational Advisory Committee, before the management was assumed?

**Mr. P. Govinda Menon** *(Minister for Food and Education)*: Yes, it was on the recommendation of the Educational Advisory Committee.

**Mr. P. K. Dewer** *(Nominated)*: May I know whether the Government referred the question to the Educational Advisory Committee or the Educational Advisory Committee by itself made this recommendation?

**Mr. P. Govinda Menon** *(Minister for Food and Education)*: I want notice.

### LATRINE—AT ERNAKULAM BOAT-JETTY

**150. Mr. M. I. Paul** *(Narakkal)*: Will Government be pleased to state.—

(*a*) whether the Hon'ble Minister for Public Works Department has ever visited the latrine at Ernakulam Boat Jetty and its surroundings;

LIBRARY ARCHIVES Kerala Legislative Assembly